കേരളീയം

# വർഗ്ഗീയതയെ ചെറുക്കാൻ പരസ്പരാശ്രിതത്വം

"ഹിന്ദുക്കളിലും തീവ്രവാദം ഉണർന്നേ പറ്റൂ. ഈ മയക്കത്തിൽ നിന്നും നാം ഇനിയും ഉണർന്നില്ലെങ്കിൽ ഉറങ്ങിക്കിടക്കുമ്പോൾ തന്നെ നമ്മുടെയൊക്കെ കഥ കഴിയും. മുമ്പിൽ നോക്കാതെ അക്രമം അഴിച്ചുവിടുന്ന തീവ്രവാദികളെ നേരിടാൻ ചാവേർ സംഘങ്ങളെക്കൊണ്ടേ കഴിയൂ. പതറാതെ അവരെ നേരിടാൻ നാം മുൻകൈ എടുത്തില്ലെങ്കിൽ ഭീകരവാദികൾ നാശം വിതയ്ക്കുന്നത് കണ്ട് നിസ്സഹായരായി നോക്കിയിരിക്കേണ്ടിവരും."

മുംബൈയിലെ ശിവാജി പാർക്കിൽ നിന്ന് ഉയർന്ന ഈ ആഹ്വാനം ശിവസേനാ തലവൻ ബാൽതാക്കറേയുടേതാണ്. സ്വാഭാവികമായും പ്രതിഷേധങ്ങളും വിമർശനങ്ങളും വിശദീകരണങ്ങളും പിന്നാലെ എത്തി. അതു തുടരുകയും ചെയ്യുന്നു.

അതെല്ലാം തുടരട്ടെ. അത് ആവശ്യവുമാണ്. മുമ്പ് ചിന്തിക്കാൻ ഭയപ്പെടുകയോ രഹസ്യമായി മാത്രം ചിന്തിക്കപ്പെടുകയോ ചെയ്തിരുന്നവയാണ് ഇപ്പോൾ അടുത്ത കാലത്തായി മറ നീക്കി പുറത്തു വന്നിരിക്കുന്നത്.

ഭീകരവാദത്തെ ചെറുക്കാനെന്ന പേരിലുള്ള കടന്നുകയറ്റങ്ങൾ തുടർക്കഥയാകുന്നു. ലോകത്തെമ്പാടും ഒരു വിഭാഗം ജനത ഭീകരവാദികളായി ചിത്രീകരിക്കപ്പെടുകയും അവർക്ക് നേരെയുള്ള ഏതൊരു കൈയേറ്റവും സാമൂഹ്യനന്മക്കും സമാധാനത്തിനുമുള്ള ശ്രമങ്ങളായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നു. ബി. ജെ. പി. അധികാരത്തിലേറിയതോടെ ഇന്ത്യയിൽ ഈ പ്രവണത ശക്തി പ്രാപിച്ചതായി സമകാലിക ചിത്രങ്ങൾ ബോധ്യപ്പെടുത്തുന്നു. ഗുജറാത്ത് ഒരു കളങ്കമായി അവതരിപ്പിക്കപ്പെടുമ്പോഴും അത് പലതിന്റേയും പരീക്ഷണശാലയാകുന്നത് നമ്മൾ ഞെട്ടലോടെ തിരിച്ചറിയുന്നു. അവിടത്തെ മുറിവുകളിൽനിന്നുമിറ്റുവീഴുന്ന രക്തം രാജ്യം മുഴുവൻ പടരാനുള്ളതാണെന്ന സൂചനകൾ ഉയരുന്നു.

അതിൽ ഏറ്റവും ഒടുവിലത്തേതാണ് ബാൽതാക്കറേയുടെ ആഹ്വാനം.

എന്നിട്ടും നമ്മൾ എന്തു ചെയ്യുന്നു? വെറും വഴിപാടുകളായി മാറുന്ന പ്രതിഷേധപ്രകടനങ്ങളിലും ചർച്ചകളിലും നാം ഒതുങ്ങിപ്പോകുന്നില്ലേ? അപകടകരമായൊരു മൗനം നമുക്കിടയിൽ വേരുറപ്പിക്കുന്നില്ലേ? തിരിച്ചറിവുകൾക്കിടയിലും തിരിച്ചുപിടിക്കൽ നമുക്കന്യമാകുന്നില്ലേ?

ആലപ്പുഴയിലെ ദർശനം സുഹൃത്തുക്കളുടെ വാക്കുകൾ നമുക്ക് ശ്രദ്ധിക്കാം- "അറിവും അനുഭവവും ഉണ്ടായിട്ടും ഉള്ളടുപ്പത്തോടെ കൈ കോർക്കാൻ നമുക്ക് കഴിയുന്നില്ലല്ലോ. മിത്രതാഭാവമാണ് പരിവർത്തനത്തിന്റെ അടിക്കല്ല് എന്നറിയുന്നില്ലല്ലോ. പരസ്പരാദരവാണ് പരസ്പരാനന്ദജീവിതത്തിന് അടിസ്ഥാനം. വെറുപ്പ് ഭീകരതയുടെ വിത്താണ്. അത് മനസ്സിൽ വളരാൻ അനുവദിക്കരുതേ."